"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - ശ്രീ അബ്ദുറബ്ബ് സി. റ്റി. (ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്) ഫയൽ ചെയ്ത OA (EKM) 708/2025- ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13/06/2025-ലെ ഉത്തരവ് നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.23/2026/ID തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:-

1. **19.12.2024** തിയതിയിലെ സ.ഉ (സാധാ) **1197/2024**/വ്യവ നമ്പർ സർക്കാർ ഉത്തരവ്
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 708/2025 മേലുള്ള 13/06/2025-ലെ ഉത്തരവ്
3. ശ്രീ അബ്ദുറബ്ബ് സി. റ്റി. (ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്) സമർപ്പിച്ച നല്കിയ 11/03/2025-ലെ അപേക്ഷ
4. മൈനിങ് ആന്റ് ജിയോളജി ഡയറക്ടറുടെ 16/06/2025-ലെ 3602/E3/2024- നമ്പർ കത്ത്

**ഉത്തരവ്**

മൈനിങ് & ജിയോളജി മലപ്പുറം ജില്ലാ ഓഫീസിലെ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ, മലപ്പുറം ജില്ലാ ഓഫീസിൽ എൽ. ഡി. ടൈപ്പിസ്റ്റായി ജോലിചെയ്തു വന്നിരുന്ന ശ്രീ. അബ്ദുറബ്ബ് സി.റ്റി. സർവ്വീസ് ചട്ടങ്ങളുടെ ലംഘനം നടത്തിയതായും അനധികൃതമായി സാമ്പത്തിക ഇടപാടുകൾ നടത്തിയതായും സഹപ്രവർത്തകർക്കെതിരെ വ്യാജമായി പരാതി നൽകുന്നതിന് ഗൂഡാലോചന നടത്തിയിട്ടുള്ളതായും സംശയാതീതമായി തെളിയിക്കപ്പെട്ടതിനാൽ ടിയാളെ സർവ്വീസിൽ നിന്നും അടിയന്തിരമായി മാറ്റി നിർത്തുന്നതിനും തുടർ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിനും മൈനിങ് & ജിയോളജി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. മൈനിങ് & ജിയോളജി ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു.

സസ്പെൻഷൻ റദ്ദാക്കി സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ

അബ്ദുറബ്ബ് സി. റ്റി. ഫയൽ ചെയ്ത OA (EKM) 708/2025 മേലുള്ള ബഹു ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവിൽ ടിയാൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷ (Annexure A2) പരിഗണിച്ച് ടിയാനെ നേരിൽ കേട്ട് 6 ആഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം ടിയാനെ 04/08/2025-ൽ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ ശ്രീ അബ്ദുറബ്ബ് സി. റ്റി ആരോപണങ്ങൾ നിഷേധിക്കുകയും തന്നെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് അച്ചടക്ക നടപടിയിൽ നിന്നും വിടുതൽ ചെയ്യണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ പ്രൊബേഷൻ പൂർത്തിയാകുന്നതിന് മുൻപ് തന്നെ വലിയ ക്രമക്കേട് നടത്തിയതിനാൽ ശ്രീ അബ്ദുറബ്ബിനെ നടപടിക്രമങ്ങൾ പൂർത്തിയാകാതെ സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നത് പരിഗണിക്കേണ്ടതില്ലെന്ന് പരാമർശം (4) പ്രകാരം മൈനിങ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ അറിയിച്ചു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ശ്രീ അബ്ദുറബ്ബ് സി. റ്റി. യുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുള്ളത് കണക്കിലെടുത്തും ജില്ലാ ഓഫീസിൽ ടൈപ്പിസ്റ്റായി നിയമനം ലഭിച്ച ശ്രീ അബ്ദുറബ്ബ് സി. റ്റി. പ്രൊബേഷൻ പിരീഡിലാണ് സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് വിജിലൻസ് അന്വേഷണം നേരിടുന്നത് എന്നത് കണക്കിലെടുത്തും, സസ്പെൻഷൻ റദ്ദാക്കി സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ അബ്ദുറബ്ബ് സി. റ്റി. പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ നിരസിച്ച് കൊണ്ടും ടിയാനെതിരെ അച്ചടക്കനടപടി തുടരുന്നതിന് മൈനിങ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി കൊണ്ടും അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) വിധി നടപ്പിൽ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിങ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം

ശ്രീ അബ്ദുറബ്ബ് സി. റ്റി. (മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ മുഖേനെ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ), കേരള

വിജിലൻസ് വകുപ്പ്

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ ) വകുപ്പ്

കരുതൽ ഫയൽ/ ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 07-01-2026 12:00:33